ഭാരതീയ റിസർവ്വ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്, മുംബൈ-400001

ഒക്ടോബർ 4, 2017

## ഭാരതീയ റിസർവ് ബാങ്കിന്റെ വികസനോന്മുഖവും നിയന്ത്രണ സംബന്ധിയുമായ നയങ്ങളുടെ വിവരണം

ഈ പ്രസ്താവന ധനകാര്യ സംപ്രേഷണം തുടർന്നും മെച്ചപ്പെടുത്തുന്നതിനുള്ള വികസനപരവും നിയന്ത്രണ സംബന്ധിയുമായ വിവിധതരം നയപരിപാടികൾ സജ്ജമാക്കുക; ബാങ്കുകളുടെ ക്രമീകരണവും മേൽനോട്ടവും ബലപ്പെടുത്തുക; സാമ്പത്തിക വിപണിയെ വ്യാപ്തവും ഗഹനവുമാക്കുക; സാമ്പത്തിക സേവനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് പണം നല്കൽ-തീർപ്പാക്കൽ പ്രക്രിയയെ വികസിപ്പിക്കുക എന്നിവ ലക്ഷ്യമിടുന്നു.

### I. ധനനയത്തിന്റെ പ്രസാരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

2. റിസർവ്വ് ബാങ്കിന്റെ 2017 ആഗസ്റ്റ് 2ാം തീയതിയിലെ വികസന നിയന്ത്രണ നയങ്ങളെപ്പറ്റിയുള്ള പ്രസ്താവനയിൽ സൂചിപ്പിച്ചിരിക്കുന്നതു പോലെ ഒരു ആഭ്യന്തര പഠന ഗ്രൂപ്പ്, (അദ്ധ്യക്ഷൻ ഡോ.ജനകരാജ്) ധനപ്രസാരണം മെച്ചപ്പെടുത്തുവാനുള്ള പരിപ്രേഷ്യത്തിൽ പണാധിഷ്ഠിത വായ്പയുടെ ഏറ്റവും കുറഞ്ഞ ചെലവു (MCLR) നിശ്ചയിക്കുന്നതിനു വേണ്ടി രൂപീകരിക്കുകയുണ്ടായി. ഈ പഠന ഗ്രൂപ്പ് 2017 സെപ്റ്റംബർ 25ാം തീയതി സമർപ്പിച്ച റിപ്പോർട്ടിൽ, ആഭ്യന്തര മാനദണ്ഡ സൂചകങ്ങളായ അടിസ്ഥാന നിരക്ക്/ MCLR എന്നിവ ധനപ്രസാരണ പ്രക്രിയ കാര്യക്ഷമമാക്കാൻ സഹായിച്ചില്ല എന്നു നിരീക്ഷിക്കുകയുണ്ടായി. അടിസ്ഥാന നിരക്ക്/ MCLR/ ലാഭത്തിന്റെ തോത് എന്നിവ സ്വേച്ഛ പോലെ നിശ്ചയിച്ചതുവഴി പലിശനിരക്കു നിശ്ചയിക്കുന്ന ആഗോള സമ്പ്രദായങ്ങളുമായി അടിസ്ഥാനനിരക്കുകളും MCLRയും ഒത്തുപോകുന്നില്ല. ആയതിനാൽ സമയബന്ധിതമായി ഒരു ബാഹ്യ മാനദണ്ഡത്തിലേക്കു ചുവടുമാറ്റാൻ ശുപാർശ നൽകുകയുണ്ടായി. പൊതുജനങ്ങളുടേയും തല്പര കക്ഷികളുടേയും അഭിപ്രായങ്ങൾ ക്ഷണിച്ചുകൊണ്ട് പഠന ഗ്രൂപ്പിന്റെ റിപ്പോർട്ട് ഇന്നേ ദിവസം റിസർവ്വ് ബാങ്കിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. 2017 ഒക്ടോബർ 25ാം തീയതിവരെ ലഭ്യമാകുന്ന അഭിപ്രായങ്ങൾ പരിശോധിച്ചശേഷം പഠന ഗ്രൂപ്പിന്റെ ശുപാർശകളെ സംബന്ധിച്ച അന്തിമ വീക്ഷണം റിസർവ്വ് ബാങ്ക് എടുക്കുന്നതാണ്.

## II. ബാങ്കു നിയന്ത്രണവും മേൽനോട്ടവും

### 3. നിയമാനുസൃത ദ്രവ്യത അനുപാതം (SLR)കുറയ്ക്കൽ

2019 ജനുവരി 1ാം തീയതിയോടെ നൂറു ശതമാനം ലികിഡിറ്റി കവറേജ് (LCR) റേഷ്യോ പ്രാപ്തി കൈവരിക്കൽ ലക്ഷ്യമിട്ട് 2017 ഒക്ടോബർ 14 നു തുടങ്ങുന്ന ദൈവാരം മുതൽ ബാങ്കുകളുടെ നീക്കിയിരിപ്പു സമയാവധി ബാദ്ധ്യത (NDTL)കളിന്മേൽ നിലവിലുള്ള SLR നിരക്കുകളിൽ 50 അടിസ്ഥാന സൂചകങ്ങൾ കുറച്ച് 20.00 ൽ നിന്നും 19.50 ശതമാനമാക്കൽ പരിഗണനയിലാണ്. ക്രമേണ, പക്വത ആർജ്ജിക്കൽ വരെ കൈവശം വയ്ക്കാവുന്ന (Held to Maturity-HTM) നിക്ഷേപ സർട്ടിഫിക്കറ്റുകളുടെ ഉയർന്ന പരിധിയും ബാങ്കുകളുടെ NDTL ന്റെ 20.25 ശതമാനത്തിൽ നിന്നും 19.50 ശതമാനമായി കുറവുവരുത്തുന്നതാണ്. അതായത് 2017 ഡിസംബർ 31 നുള്ളിൽ 20 ശതമാനവും 2018 മാർച്ച് 31 നകം 19.50 ശതമാനവും നിലവിൽ വരും.

### 4. പൊതുവായ്പാ രജിസ്ട്രിയിന്മേൽ ഉന്നതതല കർമ്മ സേന (High Level Task Force on Public Credit Registry- PCR)

ആഗസ്റ്റ് 2017 ൽ പുറപ്പെടുവിച്ച വികസനോന്മുഖ നിയന്ത്രണ നയങ്ങളിൽ പ്രഖ്യാപിച്ചതുപോലെ PCRന്മേൽ ഒരു ഉന്നതതല കർമ്മ സേന രൂപീകരിക്കുകയുണ്ടായി(അദ്ധ്യക്ഷൻ ശ്രീ.യശ്വന്ത് എം.ദേവസ്ഥലി).വ്യത്യസ്ഥ പങ്കാളികളുടെ പ്രസ്തുത PCR ൽ റിസർവ്വ് ബാങ്ക്, ബാങ്കിംഗേതര ധനകാര്യ കമ്പനികൾ(NBFCs), വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ പ്രതിനിധികൾക്കും വിവര സാങ്കേതിക വിദ്യയിൽ പ്രാവീണ്യമുള്ള വ്യക്തികൾക്കും പ്രാതിനിധ്യം ഉണ്ടായിരിക്കുന്നതാണ്. വായ്പകളെ സംബന്ധിച്ചു നിലവിൽ ലഭ്യമായ വിവരങ്ങൾ, പൊതുജന സേവനങ്ങളുടെ പര്യാപ്തത, ന്യൂനതകൾ തിരിച്ചറിയുക, PCR മുഖേന ഇല്ലായ്മ ചെയ്യാവുന്ന ന്യൂനതകൾ എന്നീ കാര്യങ്ങൾ കർമ്മ സേന അവലോകനം ചെയ്യുന്നതാണ്. കൂടാതെ അന്താരാഷ്ട്രതലത്തിൽ നിലനിന്നുവരുന്ന മികച്ച പ്രവർത്തന രീതികൾ പഠനവിധേയമാക്കി PCR ന്റെ വ്യാപ്തി നിർണ്ണയിക്കുകയും വായ്പാ വിപണിയെ സംബന്ധിച്ച അറിവുകൾ ഉൾക്കൊള്ളിക്കേണ്ടതുമാണ്. ആധുനിക വിജ്ഞാന വ്യവസ്ഥ ഏതാണെന്നും നിലവിലെ വ്യവസ്ഥകൾ ഏതൊക്കെ ബലപ്പെടുത്തി ഏകീകരിക്കേണ്ടതാണെന്നും ഭാരതത്തിന് അനുയോജ്യമായ സുതാര്യവും സമഗ്രവും ഏകദേശം തൽസമയം പ്രവർത്തനോന്മുഖമായ PCRലേക്ക് എത്തേണ്ട പന്ഥാവ് കർമ്മ സേന നിർദ്ദേശിക്കുന്നതാണ്. കർമ്മ സേന നിലവിൽവന്ന തീയതി മുതൽ 6 മാസത്തിനുള്ളിൽ - അതായത് 2018 ഏപ്രിൽ 4ാം തീയതിക്കുള്ളിൽ റിപ്പോർട്ടു സമർപ്പിക്കേണ്ടതാണ്.

**5. നിയമ വിധേയ നിലനില്പ് തിരിച്ചറിയൽ (Legal Entity Identifier-LEI)**

5 കോടി രൂപയിൽ അധികം ധനപരവും ധനേതരവുമായ ബാങ്കു വായ്പ എടുത്ത വ്യവസായികൾ രജിസ്ട്രേഷൻ എടുക്കേണ്ടതും വൻ വായ്പകളുടെ വിവര ശേഖരത്തിൽ (Central Repository of Information on Large Credits- CRILC) വായ്പാ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടത് ബാങ്കുകളുടെ നിയമപരമായ ബാദ്ധ്യതയുമാണ്. തന്മൂലം ഏതെങ്കിലും വ്യവസായിയുടേയോ ഗ്രൂപ്പിന്റെയോ മൊത്ത കടബാദ്ധ്യതകളും അവരുടെ സാമ്പത്തിക രൂപരേഖ നിരീക്ഷിക്കലും സുഗമമാക്കുന്നതാണ്. ഈ ആവശ്യകത സമയബന്ധിതമായി സൂക്ഷ്മ പരിശോധനാർത്ഥം നടപ്പാക്കുന്നതാണ്. 2017 ഒക്ടോബർ അവസാനത്തോടെ ഇതു സംബന്ധമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്.

**6. സഹകരണ ബാങ്കുകളുടെ കറന്റ് അക്കൗണ്ടുകൾ ആരംഭിക്കൽ**

കറന്റ് അക്കൗണ്ടു തുടങ്ങുന്നതിന് നിഷ്കർഷിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങളിൽ ചിലതു പാലിക്കപ്പെടാത്തതിനാൽ നിലവിൽ ഷെഡ്യൂൾ ചെയ്യപ്പെട്ടിട്ടില്ലാത്ത സഹകരണ ബാങ്കുകൾ (NSCBs)ക്കു റിസർവ് ബാങ്കിൽ കറന്റ് അക്കൗണ്ട് ആരംഭിക്കുന്നതിനു തടസ്സമുണ്ട്. തൽഫലമായി സഹകരണ ബാങ്കുകൾ കരുതൽ ധന അനുപാത(CRR) നീക്കിയിരിപ്പു തുക പൊതുമേഖലാ ബാങ്കുകളിലോ, സംസ്ഥാന/ ജില്ലാ സഹകരണ ബാങ്കുകളിലോ അവർക്കുള്ള അക്കൗണ്ടുകളിൽ പരിപാലിക്കാൻ ബാദ്ധ്യസ്ഥരാകുന്നു. അക്കൗണ്ടുകളിലെ നീക്കിയിരിപ്പു തുകയെ ബാങ്കുകളുടെ പരസ്പര നിക്ഷേപമായി കണക്കാക്കുന്നു. ഇത്തരം നിക്ഷേപത്തിന് ഏറ്റവും ഒടുവിലെ ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്ന മൊത്ത നിക്ഷേപത്തിന്റെ 20 ശതമാനം വരെ എന്ന ഉയർന്ന പരിധി നിശ്ചയിക്കപ്പെട്ടിട്ടുള്ളതിനാൽ കറൻസി ചെസ്റ്റു പ്രവർത്തനം, പണമടയ്ക്കൽ, ഗവണ്മെന്റ് കടപ്പത്രങ്ങളുടെ ഇടപാടുകൾ തുടങ്ങിയവ സുഗമമായി നടത്തുന്നതിനാവശ്യമായ ദ്രവ്യതാ നിധി (Liquid Fund) സൂക്ഷിക്കാൻ ബുദ്ധിമുട്ടുന്നു. തദനുസരണമായി, നിയന്ത്രണമാനദണ്ഡങ്ങൾ ലഘൂകരിക്കുകവഴി എല്ലാ സഹകരണ ബാങ്കുകൾക്കും റിസർവ്വ് ബാങ്കിൽ കറന്റ് അക്കൗണ്ട് ആരംഭിക്കാനും നേരിട്ട് CRR സൂക്ഷിക്കുന്നതിനും സാദ്ധ്യമാകുന്നു. സമ്പൂർണ്ണ നിർദ്ദേശങ്ങൾക്കു വിധേയമായി പ്രവർത്തിക്കുന്നവയൊഴികെ ലൈസൻസുള്ള എല്ലാ സഹകരണ ബാങ്കുകൾക്കും എൻ .ഒ.സി നൽകുവാൻ റിസർവ്വ് ബാങ്കിന്റെ പ്രാദേശിക കാര്യാലയങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**7. എൻ.ബി.എഫ്.സികളുടെ നിയന്ത്രണം: സമകക്ഷിയിൽ നിന്നും സമ കക്ഷിയിലേക്ക് (Peer to Peer - P2P)**

ഒരു ബാങ്കിംഗേതര ധനകാര്യ സ്ഥാപനം(NBFC) പോലെ പ്രവർത്തിക്കുന്ന P2P എന്ന വായ്പ ലഭ്യമാക്കുന്ന സ്ഥാപനത്തെ ക്രമീകരിക്കുന്നതു സംബന്ധിച്ച് റിസർവ് ബാങ്ക് ഒരു ചർച്ചാ രേഖ പുറപ്പെടുവിക്കുകയുണ്ടായി. 1934 ലെ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യാ ആക്റ്റിന്റെ സെക്ഷൻ 45 I (f) (iii) പ്രകാരം P2P എന്ന വായ്പ നൽകൽ സ്ഥാപനത്തെ 2017 സെപ്റ്റംബർ 18ാം തീയതി ഇറക്കിയ ഗസറ്റു വിജ്ഞാപനം വഴി ഒരു NBFC ആയി പ്രഖ്യാപിച്ചിട്ടുണ്ട്. തൽഫലമായി റിസർവ്വ് ബാങ്ക് ഇന്നേ ദിവസം NBFC (P2P)യെ സംബന്ധിച്ച നിയന്ത്രണങ്ങൾ പുറപ്പെടുവിക്കുന്നതാണ്.

**8. മുതിർന്ന പൗരന്മാർക്കും വിഭിന്ന ശേഷിയുള്ള വ്യക്തികൾക്കുംവേണ്ടി ബാങ്കിംഗ് സൗകര്യം**

ബാങ്കുകൾ മുതിർന്ന പൗരന്മാരേയും വിഭിന്ന ശേഷിയുള്ള വ്യക്തികളേയും അവരുടെ ശാഖകളിൽ ബാങ്കിംഗ് ഇടപാടുകൾ നടത്തുന്നതു നിരുത്സാഹപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എ.ടി.എമ്മുകളുടെ ഉപയോഗവും ഡിജിറ്റൽ സാങ്കേതിക വിദ്യയും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണെങ്കിലും മുതിർന്ന പൗരന്മാരുടേയും വിഭിന്ന ശേഷിക്കാരായ വ്യക്തികളുടേയും ആവശ്യകതകളെപ്പറ്റി സംവേദനം പുലർത്തേണ്ടത് അനിവാര്യമാണ്. ഇത്തരം വ്യക്തികൾ അവഗണിക്കപ്പെടുന്നു എന്ന് അവർക്ക് തോന്നാതിരിക്കാൻ, അവരുടെ പ്രത്യേകമായ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ വ്യക്തമായ സംവിധാനം നിലവിൽകൊണ്ടുവരേണ്ടതുണ്ടെന്ന് ബാങ്കുകൾക്ക് നിർദ്ദേശം നൽകുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന പരാതികൾ ശ്രദ്ധിക്കണമെന്ന് ഓംബുഡ്സ്മാനും നിർദ്ദേശം നൽകുന്നതാണ്. 2017 ഒക്ടോബർ അവസാനത്തോടെ ഇതു സംബന്ധിയായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്.

## III. ധനകാര്യ വിപണികൾ

**9. ഇലക്ട്രോണിക് വ്യാപാരത്തിനുള്ള വേദി (Electronic Trading Platform-ETP)കളെ അധികൃതമാക്കുന്ന പദ്ധതി**

ലോകമാസകലം ഇലക്ട്രോണിക് സംവിധാനത്തിൽ കൂടിയുള്ള വ്യാപാരം, ധനനഷ്ട സാദ്ധ്യതയിലെ കുറവ്, സുതാര്യത, ഉയർന്ന വില ലഭ്യമാകൽ എന്നീ കാരണങ്ങളാൽ പ്രോത്സാഹിപ്പിക്കപ്പെടുന്നുണ്ട്. ഇതുവഴി വിപണി ജാഗരൂകമാകുന്നതും, അനഭിലഷണീയമായ വ്യാപാര

രീതികളും, ദുരുപയോഗങ്ങളും കുറേയേറെ നിരുത്സാഹപ്പെടുന്നതുമാണ്. റിസർവ്വു ബാങ്കു നിയന്ത്രണത്തിലുള്ള ധന വിപണി രേഖകൾ ETP വഴി വ്യാപാരം നടത്തുന്നത് അംഗീകൃതമാക്കാനുള്ള സംവിധാനം റിസർവ്വ് ബാങ്ക് കൊണ്ടുവരുന്നതാണ്. ഈ സംവിധാനത്തിൽ മറ്റു കാര്യങ്ങളോടൊപ്പം വിശദമായ യോഗ്യതാ മാനദണ്ഡങ്ങൾ, സാങ്കേതിക വിദ്യ, റിപ്പോർട്ടിംഗിന്റെ നിലവാരം എന്നിവ ഉൾപ്പെടും. പുതിയ ഇലക്ട്രോണിക് വ്യാപാര വേദികൾ ETP സംവിധാനത്തിൽ പ്രവർത്തിക്കുന്നതിന് അനുമതി തേടേണ്ടതുള്ളപ്പോൾ നിലവിലുള്ളവ റിസർവ്വ് ബാങ്കിന്റെ പിൽക്കാല അനുമതി തേടേണ്ടതാണ്. 2017 ഒക്ടോബർ അവസാനത്തോടെ റിസർവ്വ് ബാങ്കിന്റെ വെബ്സൈറ്റിൽ ഒരു കരട് രൂപരേഖ പൊതുജനാഭിപ്രായം ക്ഷണിച്ചുകൊണ്ട് പ്രസിദ്ധപ്പെടുത്തുന്നതാണ്.

**10. ചില്ലറ ഉപഭോക്താക്കൾക്കുവേണ്ടി വിദേശനാണ്യ വ്യാപാരവേദി**

സുതാര്യവും ന്യായവിലയുക്തവുമായ വിദേശ നാണ്യ വിപണി ചില്ലറ ഉപഭോക്താക്കൾക്ക് (വ്യക്തികൾ, സൂക്ഷ്മ-ചെറു-ഇടത്തരം സ്ഥാപനങ്ങൾ (MSME))ക്കു ലഭ്യമാകണം എന്ന വ്യത്യസ്ത വേദികളിലും പൊതുജന സമ്പർക്കങ്ങൾക്കിടയിലും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ചില്ലറ ഉപഭോക്താക്കൾക്ക്(ഇടപാടിന്റെ വലിപ്പമനുസരിച്ച് നിർവചിക്കപ്പെടേണ്ടത്) മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിന് നടപ്പാക്കാനുദ്ദേശിക്കുന്ന സംവിധാനപ്രകാരം കക്ഷികൾ നിർണ്ണയിക്കുന്ന വില വിപണിയിൽ അധിഷ്ഠിതമായിരിക്കും. ഇതു സാദ്ധ്യമാകുന്നത് ബാങ്കുകൾ തമ്മിൽ നടത്തുന്ന ഇലക്ട്രോണിക് വ്യാപാര സംവിധാനത്തിൽ വ്യക്തികളും അംഗീകൃത ഇടപാടു നടത്തുന്ന ബാങ്കുകളും (Authorised Dealers) വിളിച്ച്/ വാഗ്ദാനം ചെയ്ത വില അജ്ഞാതമായും സ്വയമേവയും താരതമ്യപ്പെടുത്തുന്ന സംവിധാനത്തിൽ പ്രവേശിക്കാൻ അനുവദിക്കുന്നതു വഴിയാണ്. ഇത്തരമൊരു സംവിധാനം സുതാര്യവും, മത്സരം ഉയർത്തുന്നതും ഇടപാടുകാർക്ക് മെച്ചപ്പെട്ട മൂല്യം ലഭ്യമാക്കുന്നതുമാകും. ഉപഭോക്താവു നൽകുന്ന നിർദ്ദേശങ്ങൾ നേരിട്ടു നടപ്പാക്കുക വഴി വിപണിക്കു മൊത്തമായി കൈമാറുന്നതിനുമുമ്പ് ക്രയവിക്രയ വിവരങ്ങൾകൂടി വയ്ക്കുന്നതുമൂലം ബാങ്കുകൾക്കു നഷ്ടസാദ്ധ്യത കുറയ്ക്കാൻ കഴിയും. ബാങ്കുകൾക്ക് ഭരണ ചെലവുകൾക്കായി മുൻകൂർ പ്രഖ്യാപിക്കപ്പെട്ട ഒരു സ്ഥിരം തുക ഇടപാടുകാരിൽ നിന്നും ഈടാക്കാവുന്നതാണ്. മൊത്തത്തിൽ വിദേശനാണ്യ വിപണിയിൽ ചില്ലറ ഇടപാടുകാർ വഹിക്കുന്ന ചെലവ് കുറയ്ക്കാൻ കഴിയണം. ക്ലീയറിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡ്(CCIL) ഇന്റർനെറ്റിൽ അധിഷ്ഠിതമായ ആപ്ലിക്കേഷൻമുഖേന അവരുടെ FX-CLEAR എന്ന സംവിധാനത്തിലേക്കു പ്രവേശനം ലഭ്യമാകും.

നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചാരേഖ, പൊതുജനാഭിപ്രായം ക്ഷണിച്ചുകൊണ്ട് 2017 ഒക്ടോബർ അവസാനത്തോടെ പുറപ്പെടുവിക്കുന്നതാണ്.

**11. ഇന്ത്യൻ രൂപയിൽ (INR) വ്യാപാരം നടത്തുന്നതുമൂലമുള്ള ബാദ്ധ്യതകളിൽനിന്നും സംരക്ഷണം: സ്ഥിരതാമസക്കാരല്ലാത്ത കയറ്റുമതി/ ഇറക്കുമതി ചെയ്യുന്നവരുടെ ഇടപാടുകളിൽ അയവുള്ള സമീപനം.**

2017 മാർച്ചിൽ ബഹുരാഷ്ട്ര കമ്പനികളുടെ ഇന്ത്യയിൽ പ്രവർത്തിക്കുന്ന അനുബന്ധ സ്ഥാപനങ്ങളുടെ കേന്ദ്രീകൃത ട്രഷറികൾ കറന്റ് അക്കൗണ്ട് ഇടപാടുകൾ നടത്തുക വഴി അഭിമുഖീകരിക്കാൻ സാദ്ധ്യതതയുള്ള നഷ്ടങ്ങൾക്കെതിരെ സംരക്ഷണം നൽകാൻ അനുവദിക്കുകയുണ്ടായി. ഈ ഉദ്യമത്തിന്റെ വ്യാപ്തി വിപുലീകരിക്കുവാൻ ഭാരതത്തിൽ സ്ഥിരതാമസക്കാരല്ലാത്ത, കയറ്റുമതി/ ഇറക്കുമതി (NRIE) ചെയ്യുന്ന വ്യക്തികൾ സ്ഥിരതാമസക്കാരായ വ്യക്തികളുമായി ഇന്ത്യൻ രൂപയിൽ ഇടപാടു നടത്തുമ്പോൾ സംഭാവ്യമായ നഷ്ടം തടയാൻ അവരുടെ കേന്ദ്രീകൃത ട്രഷറികളിൽ കൂടിയോ ഗ്രൂപ്പു സ്ഥാപനങ്ങൾ മുഖേനയോ സംരക്ഷണം നല്കണം. വ്യാപാര ഇടപാടുകൾ ഇന്ത്യൻ രൂപയിൽ നടത്തുന്നതു പ്രോത്സാഹിപ്പിക്കുന്നതു വഴി ഇന്ത്യൻ രൂപയുടെ അന്താരാഷ്ട്രവൽക്കരണം സാദ്ധ്യമാകും. അതോടൊപ്പം ഇന്ത്യയിൽ സ്ഥിരതാമസക്കാരല്ലാത്തവർ ഇന്ത്യയിൽ നടത്തുന്ന രൂപയിലുള്ള ഇടപാടുകൾക്കു സംരക്ഷണം നല്കുവാനും കഴിയും. 2017 ഒക്ടോബർ അവസാനത്തോടെ ഈ വിഷയത്തെ സംബന്ധിച്ചുള്ള സർക്കുലർ പുറപ്പെടുവിക്കുന്നതാണ്.

**12. വിദേശ ഓഹരി നിക്ഷേപ(FPI) നയങ്ങളുടെ അവലോകനം**

ഇന്ത്യയിൽ വിദേശ ഓഹരി നിക്ഷേപകരുടെ കടപ്പത്ര നിക്ഷേപങ്ങളിലുള്ള നിയന്ത്രണ നയങ്ങൾ മൂലധന അക്കൗണ്ടു നടത്തിപ്പിന്റെ ഭാഗമായാണു കണക്കാക്കുന്നത്. ഈ നിയന്ത്രണ ചട്ടക്കൂട് വർഷങ്ങൾ കൊണ്ട് ഉരുത്തിരിഞ്ഞുവന്നത്, മൂലധന ഒഴുക്ക് മൂലവും ബൃഹത്തായ സാമ്പത്തിക അവസ്ഥയുടെ സ്വാധീനവും മൂലമാണ്. ഇന്ത്യയിൽ FPI താല്പര്യം പ്രായേണ വർദ്ധിക്കുന്നതു വിലയിരുത്തി, നിക്ഷേപ പ്രക്രിയ എളുപ്പമാക്കൽ FPIക്ക് നഷ്ട സാദ്ധ്യതകളിൽനിന്നും സംരക്ഷണം, യുക്തഭദ്രമായ വിശാല സമ്പദ് വ്യവസ്ഥ കൈവരിക്കൽ, അന്താരാഷ്ട്ര നിക്ഷേപസ്ഥിതിയുടെ നൈസർഗ്ഗികത്വം ഉറപ്പാക്കൽ എന്നീ പരിഗണനകൾ മുൻനിർത്തി FPI കടപ്പത്രങ്ങളിന്മേൽ നിലവിലുള്ള നിയന്ത്രണങ്ങൾ അവലോകനം ചെയ്യുന്നതാണ്. ഭാരത സർക്കാരുമായും SEBI യുമായും ചർച്ചയ്ക്കു ശേഷം നിയന്ത്രണങ്ങളിലുള്ള മാറ്റങ്ങൾ 2018 ഏപ്രിൽ മുതൽ പ്രാബല്യത്തിൽ വരുത്തുന്നതാണ്.

**13. ഹ്രസ്വവില്പന (Short Selling)നിയന്ത്രണങ്ങളുടെ അവലോകനം**

പലിശ നിരക്കിൽ വൈവിധ്യം വരുത്തുക എന്ന ലക്ഷ്യം മുൻ നിർത്തി 2005 ൽ അവതരിപ്പിച്ച ഗവൺമെന്റ് കടപ്പത്രങ്ങളുടെ(G-Sec) ഹ്രസ്വവില്പന, കടപ്പത്ര വിപണി സജീവമാക്കുകയുണ്ടായി. ഹ്രസ്വ വ്യാപാരികളുടെ സുഗമമായ തീർപ്പാക്കൽ വിപണിയുടെ സ്വച്ഛമായ പ്രവർത്തനത്തിന് ആവശ്യമാണ്. ഇതുപ്രകാരം ഹ്രസ്വ വില്പന ചെയ്യുന്നയാൾ കടം വാങ്ങേണ്ടിയിരുന്ന ബാങ്കുകളുടെ കൈവശമുള്ള കച്ചവടത്തിനു സൂക്ഷിച്ചവ/ വില്പനക്കുലഭ്യം/ പരിപക്വത കാത്ത് എന്നീ വിഭാഗങ്ങളിൽപ്പെടുന്ന സെക്യൂരിറ്റിയാണെങ്കിൽകൂടി സാങ്കല്പിക (Notional) ഹ്രസ്വ വില്പനയ്ക്കായി കടം വാങ്ങേണ്ടതില്ല. കൂടാതെ, കൗണ്ടറിൽ നേരിട്ട് (Over-the-Counter-OTC) ഇടപാടുകൾ നടത്തുന്ന വിദേശ നിക്ഷേപകർ (FPI) ഗവൺമെന്റ് സെക്യൂരിറ്റികളുടെ ഇടപാടുകൾ T+1 അഥവാ T+2 അടിസ്ഥാനത്തിൽ തീർപ്പാക്കണം.

2017 ഒക്ടോബർ അവസാനത്തോടെ ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്.

**14. സംസ്ഥാനങ്ങളുടെ വിപണിയിൽനിന്നുള്ള കടമെടുപ്പ്: നല്ല മാതൃകകൾ സ്വായത്തമാക്കൽ**

സംസ്ഥാനങ്ങളുടെ വിപണിയിൽ നിന്നുള്ള കടമെടുപ്പ് പരിപാടി വികസിപ്പിക്കുന്നതിന്റെ ഭാഗമായി അനേകം ഉത്തമ മാതൃകകൾ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാന വികസന വായ്പാ (SDL) വിപണിയിൽ ദ്രവ്യത (Liquidity) ഉയർത്തുവാൻ, വായ്പാവിപണിയുടെ വ്യാപ്തി വർദ്ധിപ്പിക്കാൻ തനതു സംസ്ഥാനങ്ങളുടെ ഖജനാവ് സ്ഥിതിയോടു സംവേദനം പുലർത്തുന്ന കമ്പോളാധിഷ്ഠിത വില നിർണ്ണയിക്കൽ, ലേലഫലം പ്രസിദ്ധീകരിക്കുന്നതിലെ അനിശ്ചിതത്വം കുറയ്ക്കൽ എന്നിവ ലക്ഷ്യമിട്ട് താഴെപറയുന്ന പരിഹാരനടപടികൾ നിർദ്ദേശിക്കുന്നു.

- SDL വായ്പകളുടെ ദ്രവ്യത മെച്ചപ്പെടുത്തുവാൻ പുന:പുറപ്പെടുവിക്കലും തിരികെ വാങ്ങലും, കടംവീട്ടൽ സമ്മർദ്ദം ലഘൂകരിക്കുക വഴി അവശേഷിക്കുന്ന കാലാവധി നീട്ടുകയും ചെയ്ത് സംസ്ഥാന ഗവൺമെന്റിന്റെ ഏകീകരിച്ച കടം ഏറ്റെടുക്കുക.
- SDL ലേലം ആഴ്ചതോറും സംഘടിപ്പിക്കുകയും ലേലത്തിന്റെ ഫലം അന്നേദിവസം ഉച്ചയ്ക്കുശേഷം 3 മണിക്കു മുമ്പായി പ്രഖ്യാപിക്കുകയും ചെയ്യുക.
- സംസ്ഥാന ഗവൺമെന്റുകളുടെ കൂടെക്കൂടെയുള്ള കടമെടുപ്പു സംബന്ധമായ റിസർവ്വ് ബാങ്കിന്റെ പക്കലുള്ള വിവരങ്ങൾ

ബാങ്കിന്റെ വെബ്സൈറ്റിൽകൂടി വെളിപെടുത്തുക

അന്തിമ മാർഗ്ഗനിർദ്ദേശങ്ങൾ 2017 ഒക്ടോബർ അവസാനത്തോടെ പുറപ്പെടുവിക്കുന്നതാണ്. SDL വിപണിയിൽ കണ്ടുവരുന്ന സംസ്ഥാനങ്ങ-ൾക്കിടയിലെ നഷ്ടസാദ്ധ്യതാ സംബന്ധമായ ചേർച്ചയില്ലായ്മയുടെ അപര്യാപ്തമായ പ്രതിഫലനം (ഉദാഹരണത്തിന് 2017 ഏപ്രിലിലെ FRBM പുനരവലോകന റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചതുപോലെ) റിസർവ്വ് ബാങ്ക് അടുത്ത 12 മാസത്തിനുള്ളിൽ വെളിപ്പെടുത്താനുദ്ദേശിക്കുന്ന എല്ലാ പരിഷ്കാരങ്ങളും ഉൾക്കൊള്ളുന്നതാകും ഈ മാർഗ്ഗ നിർദ്ദേശങ്ങൾ.

**15. പ്രാഥമിക ലേലങ്ങളിൽ ചില്ലറ പങ്കാളിത്തം: ഓഹരി വിപണി സമാഹരണം നടത്തുന്നവർ എന്ന നിലയിൽ**

നിക്ഷേപകരിൽ വൈവിധ്യം കൈവരിക്കാൻ ഉദ്ദേശിച്ച് കേന്ദ്ര ഗവൺമെന്റും റിസർവ്വ് ബാങ്കും ഗവൺമെന്റ് സെക്യൂരിറ്റി വിപണിയിൽ പല നടപടികൾ സ്വീകരിക്കുകയുണ്ടായിട്ടുണ്ട്. 2006 ലെ ഗവൺമെന്റ് സെക്യൂരിറ്റീസ് ആക്റ്റിൽ പരിഷ്കാരം, NDS-OM സെക്കൻഡറി വിപണിയിൽ ഒറ്റനറുക്കിടലിന്റെ തുടക്കം, തീർപ്പാക്കൽ സംവിധാനത്തിന്റെ മെച്ചപ്പെടുത്തൽ, പ്രാഥമിക വ്യാപാരികൾ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികളുടെ ഇടപാടു നടത്തൽ, മത്സര രഹിത വില പറയൽ പ്രാഥമിക ലേലത്തിൽ കൊണ്ടുവന്നത് തുടങ്ങിയവയാണ് ഈ നടപടികൾ. ഇതിനനുസരണമായി 2016-17 ലെ കേന്ദ്ര ബജറ്റിൽ പ്രാഥമിക/ മദ്ധ്യവിപണികളിൽ ചില്ലറ പങ്കാളിത്തം ഓഹരി വിപണികളിൽകൂടി സാദ്ധ്യമാക്കും എന്ന് റിസർവ്വ് ബാങ്ക് പ്രസ്താവിക്കുകയുണ്ടായി. തദനുസരണമായി, SEBI യുമായി കൂടിയാലോചനയ്ക്കുശേഷം തീരുമാനിച്ചത്:

- നിർദ്ദിഷ്ട സ്റ്റോക്ക് എക്സ്ചേഞ്ചുകളെ കൂടാതെ പട്ടികയിലുൾപ്പെട്ട ബാങ്കുകളേയും പ്രൈമറി ഡീലർമാരെയും മത്സരേതര വിഭാഗത്തിലുൾപ്പെടുന്ന തീയതി രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ലേലത്തിനുള്ള കടപ്പത്രങ്ങൾ സ്വരൂപിച്ച് പ്രവർത്തന സജ്ജരാക്കുന്നവരായി പ്രവർത്തിക്കാൻ അനുവദിക്കുന്നതാണ്.

2017 ഒക്ടോബർ അവസാനത്തോടെ അന്തിമ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്.

## IV. പേയ്മെന്റും സെറ്റിൽമെന്റും

**16. മുൻകൂർ പണമടച്ച രേഖകളെ (Prepaid Payment Instruments - PPIs) സംബന്ധിച്ച മുഖ്യ നിർദ്ദേശങ്ങൾ:**

പ്രീ-പെയ്ഡ് പേയ്മെന്റു രേഖകളുടെ ഇഷ്യൂ ചെയ്യലും പ്രവർത്തനവും PPI വ്യവസ്ഥിതിക്കുള്ളിൽ ക്രമാനുഗതമായി

വികസിപ്പിക്കുന്നതിനും 2009 ഏപ്രിലിൽ റിസർവ്വ് ബാങ്ക് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആർജ്ജിച്ച അനുഭവങ്ങൾ ആധാരമാക്കി നിർദ്ദേശങ്ങളുടെ കരട് പൊതുജന ശ്രദ്ധയ്ക്കും അവരുടെ അഭിപ്രായങ്ങൾ തേടിക്കൊണ്ടും 2017 മാർച്ചുമാസം 20ാം തീയതി പ്രസിദ്ധപ്പെടുത്തി. ലഭ്യമായ പ്രതികരണങ്ങൾ പരിശോധിച്ചതിനെ തുടർന്ന്, മത്സരവും പുതുമയും പ്രോത്സാഹിപ്പിക്കുക, പ്രവർത്തനത്തിന്റെ സുരക്ഷിതത്വം ശക്തിപ്പെടുത്തുക, കൂടാതെ ഉപഭോക്താക്കളുടെ പരാതി പരിഹാര സംവിധാനം മെച്ചപ്പെടുത്തുക എന്നിവ ലക്ഷ്യമാക്കുന്നതിനു തീരുമാനിക്കുകയുണ്ടായി. രാജ്യത്തു നിലവിലുള്ള പേയ്മെന്റ് സെറ്റിൽമെന്റ് സംവിധാനങ്ങളുടെ കാര്യത്തിൽ വിഭാവന ചെയ്തതുപോലെ പരിഷ്കരിച്ച പ്രവർത്തന ഘടന PPI യുടെ പാരസ്പരിക പ്രയോഗക്ഷമത വർധിപ്പിക്കാൻ (Inter Operability) പാരസ്പരിക പ്രയോഗക്ഷമത വഴി തുറക്കുന്നതായിരിക്കും KYC മാനദണ്ഡങ്ങൾ പാലിക്കുന്ന PPI കളുടെ , പരിഷ്കരിച്ച മുഖ്യ നിർദ്ദേശങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ ആറു മാസത്തിനുള്ളിൽ നടപ്പാക്കുന്നതാണ്. ഈ നിർദ്ദേശങ്ങൾ ഒരാഴ്ചയ്ക്കുള്ളിൽ അതായത് 2017 ഒക്ടോബർ 11 നകം പുറപ്പെടുവിക്കും.

ജോസ് ജെ.കാട്ടൂർ
ചീഫ് ജനറൽ മാനേജർ

പത്രക്കുറിപ്പ് **: 2017-2018/924**